# വഖ്ഫെ ജദീദ്- 2007

ഇന്ന് ഞാൻ വഖ്ഫെ ജദീദിന്റെ പുതുവർഷം വിളംബരം ചെയ്യുന്നതാണ്. പൊതുവെ ജനുവരിമാസത്തിലെ ആദ്യ ആഴ്ചയിൽ ആദ്യ ജുമുആയിലാണ് ഈ വിളംബരം ചെയ്യുന്നത്. ചിലപ്പോൾ ഡിസംബറിന്റെ അവസാനത്തിലും ഈ വിളംബരം ഉണ്ടായിട്ടുണ്ട്. യാത്രയിലായ കാരണത്താൽ തിരിച്ചെത്തിയ ശേഷം ഇൻശാഅല്ലാഹ് വിളംബരം ചെയ്യാമെന്ന് ഞാൻ തീരുമാനിക്കുകയായിരുന്നു. അല്ലാഹുതആല ഇന്ന് അതിന് തൗഫീഖ് നല്കി.

വഖ്ഫെ ജദീദ് പദ്ധതിയും നമുക്കെല്ലാം അറിയുന്നതുപോലെ ഖലീഫത്തുൽ മസീഹ് രണ്ടാമൻ, മുസ്‌ലിഹ് മൗഊദ് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) ആണ് തുടങ്ങിയത്. 1957ൽ ആയിരുന്നു ഇതിന്റെ ആരംഭം. ഈ പദ്ധതി പാക്കിസ്ഥാനിലെ അഹ്മദികൾക്കു വേണ്ടി മാത്രമായിരുന്നു. സ്വയേഷ്ടപ്രകാരം പാക്കിസ്ഥാന് വെളിയിൽനിന്ന് ആരെങ്കിലും പങ്കെടുക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവർക്കതിന് അനുവാദമുണ്ടായിരുന്നുവെന്നല്ലാതെ അവരോട് ഇതിലേക്ക് ചന്ദ കൊടുക്കാൻ പ്രത്യേകം പറഞ്ഞിരുന്നില്ല. ഇത് തുടങ്ങിയപ്പോൾ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ദൃഷ്ടിയിൽ പാക്കിസ്ഥാനിലെ ജമാഅത്തിനെ സംബന്ധിച്ച് രണ്ട് പ്രത്യേക ഉദ്ദേശ്യങ്ങളാണുണ്ടായിരുന്നത്. അവിടന്ന് വഖ്ഫെ ജദീദിന്റെ അഞ്ചുമന് രൂപം നൽകിയപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)നെ അതിലെ അംഗമായി നിയമിച്ചുകൊണ്ട് രണ്ട് കാര്യങ്ങളിൽ ഊന്നൽ നൽകാനാണ് നിർദ്ദേശിച്ചത്. ഒന്ന് ഒരുപാട് ബലഹീനതകൾ വന്നിട്ടുള്ള പാക്കിസ്ഥാനിലെ ഗ്രാമീണ ജമാഅത്തുകളുടെ തർബിയ്യത്തിലേക്ക് ശ്രദ്ധിക്കുക. രണ്ടാമത്തേത്, ഹിന്ദുക്കളിൽ ഇസ്‌ലാംമത പ്രബോധനം നടത്തുക. പ്രത്യേകിച്ച് സിന്ധ്പ്രദേശത്ത്. ഇവിടെ ഭൂരിപക്ഷവും ഹിന്ദുക്കളാണ്. ഗ്രാമീണ ജമാഅത്തുകളിൽ, പ്രത്യേകിച്ച് കുട്ടികളിൽ തർബിയ്യത്തിന്റെ ധാരാളം കുറവുള്ളതുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)ന് വളരെ ആശങ്കയുണ്ടായിരുന്നു. ജമാഅത്തിലെ അംഗങ്ങളിലധികവും ഗ്രാമങ്ങളിൽ വസിക്കുന്നവരാണ്. അവരുടെ തർബിയ്യത്തിൽ കുറവുണ്ടായാൽ ഭാവിയിൽ ഒരുപാട് ദോഷങ്ങൾ ഉടലെടുക്കുന്നതാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) വിവരിക്കുന്നു: "ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എന്നെ വഖ്ഫെ ജദീദിന്റെ അംഗമായി നിയമിച്ചുകൊണ്ട് പറഞ്ഞു. എല്ലാ കാര്യങ്ങളും വിലയിരുത്തുക. തർബിയ്യത്തിന്റെ അവസ്ഥ എന്താണെന്ന് നോക്കുക." ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) പറയുന്നു. "ഞാൻ കാര്യങ്ങളെല്ലാം വിലയിരുത്തിയപ്പോൾ, ശിക്ഷണത്തേയും ദീനീപരമായ അറിവിനേയും കുറിച്ച് അതിഭയാനകമായ രൂപമാണ് മുന്നിൽ വന്നത്. കുട്ടികൾക്ക് നമസ്കാരംപോലും അറിയുമായിരുന്നില്ല. വാക്കുകൾ ഉച്ചരിക്കുന്നതിൽ തെറ്റുകൾ എത്രമാത്രം ആയിരുന്നുവെന്നുവെച്ചാൽ ശരിയായ നിലയിൽ കലിമ ചൊല്ലാൻപോലും അവർക്ക് സാധിക്കുമായിരുന്നില്ല." വാസ്തവത്തിൽ കലിമ അടിസ്ഥാനപരമായൊരു കാര്യമാണ്. ഇതു കൂടാതെ മുസ്‌ലിം, മുസ്‌ലിമാകുകയില്ല. എന്തായാലും പാക്കിസ്ഥാനിൽ മുഅല്ലിമുമാർ മുഖേന- നിസ്സാരമായ നിലയിലുള്ള ട്രെയിനിംഗ് കൊടുത്തുകൊണ്ട് കർമ്മരംഗത്തേക്ക് അയച്ചിരുന്ന മുഅല്ലിമുമാർ മുഖേന വഖ്ഫെ ജദീദ് പ്രസ്തുത രണ്ട് പ്രവൃത്തികൾ നടപ്പിൽ വരുത്താൻ നടപടി സ്വീകരിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അത്യധ്വാനത്തോടും ത്യാഗമനോഭാവത്തോടുംകൂടി ആ പ്രവൃത്തി നിർവഹിക്കുകയും ചെയ്തു.

സിന്ധിൽ ഹിന്ദുക്കൾ വസിക്കുന്ന പ്രദേശങ്ങളിൽ പ്രബോധന പ്രവർത്തനം നടന്നു. ഈ പ്രവൃത്തി വളരെ ദുഷ്കരമായിരുന്നു. അവിടുത്തെ ഹിന്ദുക്കൾ തങ്ങളുടെ സ്ഥലത്ത് മഴയില്ലാത്ത കാരണത്താൽ കൂലിവേലക്കായി സിന്ധിലെ മറ്റു ചില സ്ഥലങ്ങളിൽ വരാറുണ്ടായിരുന്നു. അവിടുത്തെ മുസ്‌ലിം കൃഷിക്കാരുടെ ദുഷ്പെരുമാറ്റം കാരണത്താൽ ഇസ്‌ലാമിന്റെ പേര് കേൾക്കുമ്പോൾപോലും അവർ പരിഭ്രമിക്കുമായിരുന്നു. അവർ അങ്ങേയറ്റം ദരിദ്രരായിരുന്നു. വലിയ വലിയ കൃഷിയിടങ്ങൾ അവർക്കുണ്ടായിരുന്നു. പക്ഷേ, വെള്ളമില്ലാത്ത കാരണത്താൽ കൃഷിയിറക്കാൻ സാധിക്കുമായിരുന്നില്ല. അതുകൊണ്ടുതന്നെ അവരുടെ വരുമാനമാർഗ്ഗം വഴിമുട്ടി. ഈ ദാരിദ്ര്യം കൊണ്ടാണ്

അവർ മുസ്‌ലിം കൃഷിക്കാരുടെ അടുക്കൽവന്ന് ജോലി ചെയ്തിരുന്നത്. മുസ്‌ലിംകൾ അവരെ ബുദ്ധി മുട്ടിച്ചിരുന്നു. ഉല്പന്നം അവരിൽനിന്ന് എടുത്തിരുന്നുവെങ്കിലും നിസ്സാരമായ വിലയേ അവർക്കതിന് നല്കിയിരുന്നുള്ളൂ. അത് പ്രതിഫലമില്ലാതെ നിർബന്ധിച്ച് ചെയ്യിക്കുന്ന പ്രവൃത്തിക്ക് സമാനമായിരുന്നു.

അവരോടുള്ള ഇത്തരം പെരുമാറ്റം ക്രിസ്തീയ മിഷണറിമാർ കണ്ടപ്പോൾ, അവരുടെ ദാരിദ്ര്യത്തെ ചൂഷണം ചെയ്ത് അവർക്ക് സഹായം നല്കാൻ തുടങ്ങി. അതിനോടൊപ്പം പ്രബോധനം ചെയ്ത് പണം കൊതിപ്പിച്ച് ക്രിസ്തുമതത്തിലേക്ക് അവരെ ചായിക്കാനും ശ്രമിച്ചു. അത്തരം ഘട്ടത്തിൽ അക്കാലത്ത് വഖ്ഫെ ജദീദ് ചെയ്ത പ്രവൃത്തി വളരെ വലുതായിരുന്നു. അത് ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. അതിന് അല്ലാഹു എല്ലാവിധ സഹായവും ചെയ്തു. ഒരുപാടുകാലത്തെ ശ്രമത്തിനുശേഷമാണ് അവിടെ അഹ്‌മദിയ്യത്ത് വളരാൻ തുടങ്ങിയത്.

അക്കാലത്ത് വഖ്ഫെ ജദീദിന്റെ നാസിമെ ഇശാഅത്തായിരുന്ന ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) പറയുന്നു: "നമുക്ക് വിജയമുണ്ടാകാൻ തുടങ്ങിയപ്പോൾ മൗലവിമാർ ഹിന്ദുക്കളുടെയടുക്കൽ പോയി, നിങ്ങളെന്ത് അന്യായമാണ് ചെയ്യുന്നത്, അഹ്‌മദിയാകുന്നതിനേക്കാൾ നല്ലത് ഹിന്ദുവായിരിക്കുന്നതു തന്നെയാണ് എന്ന് പറയാൻ തുടങ്ങി. അതായത് ഏകനായ ദൈവത്തെ വിളിക്കുന്നതിനേക്കാൾ നല്ലത് ബഹുദൈവാരാധകനായി ഇരിക്കുന്നതാണെന്ന്! ഇതാണ് മുസ്‌ലിംകളുടെ അവസ്ഥ. എന്തായാലും, ഈ എല്ലാ പ്രയാസങ്ങളുമുണ്ടായിട്ടും അല്ലാഹു അവരെ സഹായിച്ചു. വലിയ അനുഗ്രഹം ചെയ്തു. 'ഘർ' പ്രദേശത്തും, 'മിഠി', 'നൗനഗർപാർക്ക്' തുടങ്ങിയ സ്ഥലങ്ങളിലും മറ്റും ജമാഅത്ത് സ്ഥാപിതമാകാൻ തുടങ്ങി. മാശാഅല്ലാഹ്, ആത്മാർത്ഥതയിലും അവർ വളർന്നു. അവരിൽ, ദൈവമാർഗ്ഗത്തിൽ സേവനം ചെയ്യാൻ ജീവിതം വഖ്ഫ് ചെയ്തവരുമുണ്ടായി. തങ്ങളുടെ സ്വന്തം ആളുകളിൽ പ്രബോധനം നടത്തി അഹ്‌മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാമിനെ അവർക്ക് പരിചയപ്പെടുത്തികൊടുത്തു. അവർക്ക് സന്ദേശം എത്തിച്ചുകൊണ്ടിരുന്നു. റബ്‌വയിൽ ജൽസ നടക്കാറുള്ളപ്പോൾ ഇക്കൂട്ടർ അവിടെ വരാറുണ്ടായിരുന്നു. അങ്ങേയറ്റം നിഷ്കളങ്കരും ആത്മാർത്ഥതയിലും കൂറു പുലർത്തുന്നതിലും മുഴുകിയവരുമായി ഞാനവരെ കണ്ടു." ഇപ്പോൾ മാശാഅല്ലാഹ് അവരുടെ അടുത്ത തലമുറയും അഹ്‌മദിയ്യത്തിന്റെ മടിത്തട്ടിൽ പഠിച്ചു വളർന്നവരും, ആത്മാർത്ഥതയുള്ളവരും നിഷ്കളങ്കരുമാണ്.

ആരംഭകാലത്ത് മാർഗ്ഗങ്ങൾ കുറവായ കാരണത്താൽ, കർമ്മരംഗത്ത് പ്രവർത്തിച്ച വഖ്ഫെ ജദീദിന്റെ മുഅല്ലിമുമാർ വളരെ വിഷമിച്ചാണ് ജീവിതം കഴിച്ചിരുന്നത്. ഈ പ്രദേശത്ത് വൈദ്യസഹായമോ, മെഡിക്കലിന്റെ സൗകര്യമോ ഉണ്ടായിരുന്നില്ല. അതുകൊണ്ട്, തങ്ങൾക്കും, അവിടുത്തുകാർക്കും വേണ്ടി അവർ അലോപ്പതി, ഹോമിയോപ്പതി മരുന്നുകൾ കൈയിൽ വെക്കാറുണ്ടായിരുന്നു. ഇപ്പോൾ ദൈവാനുഗ്രഹത്താൽ അവിടെ മൊബൈൽ ഡിസ്പെൻസറിയുണ്ട്. ഗ്രാമങ്ങളിൽ അവർ പോകുന്നു. മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ക്വാളിഫൈഡ് ഡോക്ടർമാർ സ്ഥിരമായി അവിടെ പോകുന്നു. ഇപ്രകാരം തന്നെ മിഠി എന്ന സ്ഥലത്ത് ഒരു ജമാഅത്ത് വളരെ വലിയൊരു ആശുപത്രി ഉണ്ടാക്കിയിട്ടുണ്ട്. അതിൽ കണ്ണ് ചികിത്സയ്ക്കുള്ള സംവിധാനവുമുണ്ട്.

വഖ്ഫെ ജദീദിന്റെ ഈ പദ്ധതിപ്രകാരം പാക്കിസ്ഥാനിലെ അഹ്‌മദികൾ തങ്ങളുടെ ശിക്ഷണത്തിനും പ്രബോധനത്തിനുമായി അക്കാലത്ത് അത്യുത്സാഹത്തോടെ ത്യാഗം വരിച്ചു. ദൈവാനുഗ്രഹത്താൽ ഇപ്പോഴും അത് ചെയ്തുവരുന്നു. പ്രവർത്തനവും വളരെ വിശാലമായിട്ടുണ്ട്. ഒരുപാട് ജോലികൾ വർദ്ധിച്ചിട്ടുമുണ്ട്. അല്ലാഹു ജമാഅത്തിനുമേൽ അനുഗ്രഹം ചെയ്തുകൊണ്ടിരിക്കുന്നു. ഇത് എന്തായാലും വളർന്നുകൊണ്ടിരിക്കേണ്ടതു തന്നെയാണ്.

ഈ ഖുത്‌ബ മുഖേന ആ സിന്ധ് പ്രദേശത്തെ അഹ്‌മദിയ്യാ ജമാഅത്തിലെ ജമീന്ദാർമാരോട് ഞാൻ ഒരു കാര്യം പറയാനാഗ്രഹിക്കുകയാണ്. ഖലീഫത്തുൽ മസീഹ് റാബിഉം (റഹ്) ഇതുപദേശിച്ചിട്ടുള്ളതാണ്. ആ സ്ഥലവാസികളായ ഹിന്ദുക്കൾ, അല്ലെങ്കിൽ അവരിൽനിന്ന് മുസ്‌ലിംകളായവർ വളരെ ദരിദ്രരായവരാണ്. ഈ ദാരിദ്ര്യം കാരണത്താൽ വെള്ളത്തിന്റെ സൗകര്യമുള്ള സിന്ധിലെ ജനവാസമുള്ള സ്ഥലങ്ങളിൽ, ജോലിയെടുക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് അവർ വരുന്നത്. അവർ കഠിനാധ്വാനം ചെയ്യുന്നു. അഹ്‌മദീ ജമീന്ദാർ അവരോട് നല്ല രീതിയിൽ പെരുമാറേണ്ടതാണ്. ഈ സ്നേഹം തന്നെയാണ് അവരെ നമ്മുടെയടുക്കലേക്ക് കൊണ്ടുവരുന്നത്. തീർച്ചയായും അവിടുത്തെ അഹ്‌മദികളുടെ ത്യാഗത്തിന് അല്ലാഹു കൂടുതൽ ഫലം കൊണ്ടുവരുന്നതാണ്. അതുകൊണ്ട് ഈ ഭാഗത്തേക്ക് പ്രത്യേകം ശ്രദ്ധിക്കുക. ചുരുങ്ങിയ നിലയിൽ ഈ പശ്ചാത്തലം ഞാൻ വിവരിച്ചത്, പുതിയ തലമുറയും പുതിയതായി വരുന്നവരും സംക്ഷിപ്തമായി ഈ

പദ്ധതിയെക്കുറിച്ച് പരിചയപ്പെടാനാണ്. ഇപ്പോൾ വഖ്ഫെ ജദീദിന്റെ ഈ പദ്ധതി മുഴുലോകത്തും നടന്നുവരികയാണ്. ജനങ്ങൾ ചന്ദ കൊടുത്തുവരുന്നു.

പാക്കിസ്ഥാനെ സംബന്ധിച്ചിടത്തോളം അവിടുത്തെ അഹ്മദികൾ തന്നെയാണ് തങ്ങളുടെ ചെലവുകൾ വഹിക്കുന്നത്. ദൈവാനുഗ്രഹത്താൽ ഒരു വിദേശ രാജ്യത്തിന്റേയും സഹായം അവർക്കാവശ്യമില്ല. പക്ഷേ, 1985-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) വഖ്ഫെ ജദീദ് പദ്ധതിയെ അതായത്, സാമ്പത്തികത്യാഗത്തിന്റെ പദ്ധതിയെ സാർവലൗകികമാക്കി. ലോകത്തുള്ള അഹ്മദികളുടെ പ്രത്യേകിച്ച്, യൂറോപ്പിലും അമേരിക്കയിലും വസിക്കുന്നവരുടെ ചന്ദ മുഖേന ഇന്ത്യയിലും വഖ്ഫെ ജദീദ് പദ്ധതിയെ പ്രവർത്തനനിരതമാക്കുകയും അവിടെ കൂടുതൽ തർബിയ്യത്തിന്റേയും തബ്ലീഗിന്റേയും പ്രവർത്തനം നടത്തുകയും ചെയ്യുന്നതിനു വേണ്ടിയായിരുന്നു അങ്ങനെ ചെയ്തത്.

രണ്ടാം ഖിലാഫത്ത് കാലത്ത് ശുദ്ധി പ്രസ്ഥാനത്തിന്റെ ആഹ്വാനമുണ്ടായ സ്ഥലത്ത്, അതിനെ പ്രതിരോധിക്കാൻ നമ്മുടെ ജമാഅത്ത് മഹത്തായ പ്രവർത്തനം നടത്തുകയും ത്യാഗങ്ങൾ വരിക്കുകയും ചെയ്തു. ആ സ്ഥലത്ത് താമസിച്ച് അവർ പ്രബോധനം ചെയ്തു. ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) അതേ സ്ഥലത്ത് വീണ്ടും അതേ അവസ്ഥ തന്നെയാണെന്നും അതുകൊണ്ട് ഇന്ത്യയിലെ ജമാഅത്തുകൾ ഈ ഭാഗത്തേക്ക് ശ്രദ്ധിക്കേണ്ടതാണെന്നും വിശാലമായ പരിപാടികൾ തയ്യാറാക്കേണ്ടതാണെന്നും 1985-ൽ പറയുകയുണ്ടായി. ഇതിലേക്കുള്ള ചെലവിനായി പുറത്തുനിന്ന് സാമ്പത്തിക സഹായം ഉണ്ടാകുമെന്നും പറഞ്ഞു. അതുകൊണ്ടാണ് പുറംനാട്ടിലുള്ള ജമാഅത്തുകളോടും വഖ്ഫെ ജദീദിന്റെ ഈ പദ്ധതിയിൽ പങ്കെടുക്കാൻ ആഹ്വാനം ചെയ്തത്. ഇന്ത്യയിലെ ജമാഅത്തുകൾ ചെയ്യുന്ന ഈ സൽകൃത്യങ്ങളിൽ അവരെ സഹായിക്കാൻ വേണ്ടി ദൈവാനുഗ്രഹത്താൽ പുറംനാട്ടിലുള്ള ജമാഅത്തുകൾ ഈ പദ്ധതിയിലും സാമ്പത്തികത്യാഗം ചെയ്യാൻ ലബ്ബൈക്ക് പറഞ്ഞു. ഓരോവർഷവും വഖ്ഫെ ജദീദിലും, മറ്റു ചന്ദകളെ പോലെ വർദ്ധനവുണ്ടായികൊണ്ടിരിക്കുന്നു. പ്രവർത്തനം വിശാലമാക്കുകയും ചെലവുകൾ വർദ്ധിക്കുകയും ചെയ്യുന്നതിനോടൊപ്പം അല്ലാഹു അതിനുള്ള ഏർപ്പാടുകളും ചെയ്തുകൊണ്ടിരിക്കുന്നു.

പക്ഷേ, നമുക്കറിയാം ജമാഅത്ത് ദ്രുതഗതിയിലാണ് പുരോഗതിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ആവശ്യങ്ങളും പെരുകിക്കൊണ്ടിരിക്കുന്നു. പക്ഷേ, ഞാൻ പറഞ്ഞതുപോലെ അല്ലാഹു അനുഗ്രഹം ചൊരിയുന്നു, നമ്മുടെ ആവശ്യങ്ങൾ പൂർത്തിയാവുകയും ചെയ്യുന്നു. എന്നാലും ഈ സാമ്പത്തിക ത്യാഗത്തിൽ ഭാഗഭാക്കായിക്കൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹത്തിന് അവകാശികളാകാൻ നമ്മളും ഈ ഭാഗത്തേക്ക് കൂടുതൽ ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്.

ജമാഅത്തിലെ അംഗങ്ങളുടെമേലും വ്യക്തിപരമായ നിലയിൽ ഒരുപാട് അനുഗ്രഹങ്ങൾ ഉണ്ടാകുന്നുണ്ട്. അതിനാൽ എപ്പോഴുമെന്നപോലെ ബലഹീനമായ ജമാഅത്തുകളെ സഹായിക്കാൻ കഴിയുന്നതിന് നിങ്ങളുടെ ത്യാഗങ്ങളിലേക്കും പ്രത്യേകം ശ്രദ്ധവയ്ക്കുക. ഇന്ത്യയിലും ആഫ്രിക്കയിലും പുതിയ ജമാഅത്തുകളുണ്ട്. അവരുടെ സാമ്പത്തിക സ്ഥിതി വളരെ നിസ്സാരമാണ്. എന്നിട്ടും അവർ ത്യാഗം ചെയ്യാൻ പരിശ്രമിക്കുന്നുണ്ട്. അവരെ സഹായിക്കുന്നതിനും, തർബിയ്യത്തിനും തബ്ലീഗിനും വേണ്ടി അവരുടെ ത്യാഗത്തിലെ കുറവ് പരിഹരിക്കുന്നതിന് നമ്മൾ ശ്രമിക്കേണ്ടതാണ്. അതിനാൽ കറൻസിക്ക് മൂല്യമുള്ള വിദേശ ജമാഅത്തുകൾ, പാശ്ചാത്യരാജ്യങ്ങളിലുള്ള ജമാഅത്തുകൾ ദീനീസേവന മനോഭാവത്തോടും ദീനിനെ സഹായിക്കാനുള്ള ആവേശത്തോടുംകൂടി എപ്പോഴും ചുവട് മുന്നോട്ടു വെച്ചുകൊണ്ടിരിക്കേണ്ടതാണ്. ധനത്യാഗം ചെയ്യുന്നവർ തന്റെ അനുഗ്രഹം കരസ്ഥമാക്കുന്നവരാണെന്ന് അല്ലാഹു പറഞ്ഞിരിക്കുന്നു. ഞാനോതിയ ഖുർആനിക വചനത്തിലും ഇതുതന്നെയാണ് പറഞ്ഞിട്ടുള്ളത്. രാവും പകലും അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കുന്നവർക്കുള്ള പ്രതിഫലം തന്റെ കൈയിലുണ്ടെന്നും ചന്ദ കൊടുത്താൽ തന്റെ കാര്യം എന്താകുമെന്ന ഭയം, താൻ പ്രതിഫലം നല്കാൻ പോകുന്നവർക്കുണ്ടാകാൻ പാടില്ലെന്നും അല്ലാഹു പറയുന്നു. ധനത്യാഗം ചെയ്താൽ നിങ്ങളുടെ ധനത്തിൽ കുറവു വരുമെന്ന വിചാരമേ നിങ്ങൾക്കുണ്ടാവാൻ പാടില്ലെന്നും തനിക്കു വേണ്ടി ത്യാഗങ്ങൾ വരിക്കുന്നവർക്ക് 700 ഇരട്ടിയോ അതിനേക്കാൾ കൂടുതലോ പ്രതിഫലം നല്കുമെന്നും മറ്റൊരിടത്ത് അല്ലാഹു പറയുന്നുണ്ട്. അതിനാൽ ഭയപ്പെടുകയോ ദുഃഖിക്കുകയോ ചെയ്യുന്ന പ്രശ്നമേയില്ല. എപ്പോഴും ഓരോ അഹ്മദിയും ധനത്യാഗത്തിൽ മുന്നോട്ടു മുന്നോട്ടു ഗമിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. "ചന്ദ കൊടുത്തുകൊണ്ടിരിക്കുമ്പോൾ വിശ്വാസത്തിൽ പുരോഗതി ഉണ്ടാകുന്നു. സ്നേഹത്തിന്റേയും ആത്മാർത്ഥതയു

ടേയും പ്രവൃത്തിയാണിത്.” അതിനാൽ അല്ലാഹുവിനോടും റസൂലിനോടുമുള്ള സ്നേഹത്തിന്റെ തേട്ടം എന്താണെന്നുവെച്ചാൽ, നമ്മുടെ ചുവട് ത്യാഗങ്ങളിൽ എപ്പോഴും മുന്നോട്ടു ഗമിച്ചുകൊണ്ടിരിക്കണം എന്നതാണ്. നമ്മുടെ ഈമാനെ ശക്തിപെടുത്തുന്നതിനും, അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നതിനും വേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ നാം ചേർന്നിരിക്കുന്നു. ഈ സ്നേഹവും ആത്മാർത്ഥതയും നമ്മളിൽനിന്ന് ആവശ്യപ്പെടുന്നത്, പ്രബോധനത്തിനും തർബിയ്യത്തിനുമായി ധനം ആവശ്യം വരുമ്പോൾ ഓരോ അഹ്മദിയും എപ്പോഴും തങ്ങളുടെ പാരമ്പര്യം നിലനിറുത്തിക്കൊണ്ട് ത്യാഗങ്ങളിൽ മുന്നോട്ട് കുതിക്കണം എന്നാണ്. ഇപ്രകാരംതന്നെ പുതിയതായി ജമാഅത്തിൽ ചേർന്നിട്ടുള്ളവരും, തങ്ങളുടെ ആവശ്യങ്ങൾ പുറംനാട്ടിലെ ജമാഅത്തുകൾ നിറവേറ്റിത്തരുമെന്ന് മനസ്സിലാക്കരുത്. തർബിയ്യത്തിലും തബ്ലീഗിലും മറ്റു പരിപാടികളിലും ശ്രദ്ധിക്കുന്നതിനായി ഓരോ ജമാഅത്തും തങ്ങളുടെ സ്വന്തം കാലിൽ നില്ക്കണം. അതിനായി ഒരുപാട് ചെലവുകൾ വരുന്നുണ്ട്. ഈ പുരോഗമനകാലഘട്ടത്തിൽ, ഒരു ഭാഗത്ത് കണ്ടുപിടിത്തങ്ങളുടെ പുരോഗതിയാണെങ്കിൽ അതിനോടൊപ്പം ധാർമ്മികാധപതനവും പരമകോടിയിലെത്തിയിരിക്കുകയാണ്. സ്വന്തം മക്കളെ രക്ഷിക്കുന്നതിനും ലോകത്തിന് ശരിയായ വഴി കാണിക്കുന്നതിനും ഒരുപാട് ശ്രമിക്കേണ്ട ആവശ്യമുണ്ട്. ഈ പ്രവൃത്തി നടപ്പിൽ വരുത്തുന്നതിനായി ഫണ്ട് ആവശ്യമുണ്ടെന്ന കാര്യം പ്രകടമാണ്. പണം ആവശ്യമാണ്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) അക്കാലഘട്ടത്തിൽ തർബിയ്യത്ത് അഥവാ ശിക്ഷണം ഒരുപാട് ആവശ്യമുണ്ടെന്ന് മനസ്സിലാക്കിയതുപോലെ, ഇക്കാലഘട്ടത്തിൽ ഭൂരിപക്ഷം ആൾക്കും, പുതിയതായി ബയ്അത്ത് ചെയ്തുവരുന്നവർക്കും വേണ്ടി തയ്യാറാക്കേണ്ട വിശാലമായ പരിപാടികൾ നമുക്ക് ചെയ്യാൻ സാധിക്കുന്നില്ല. ഇതിന് ഒരുപാട് കാരണങ്ങൾ ഉണ്ട്. അതിലൊന്ന്, ധനപരമായ കുറവാണ്. അല്ലാഹു പരിപാടികൾ വ്യാപിപ്പിക്കുകയും കാര്യങ്ങൾ പൂർത്തിയാക്കുകയും ചെയ്യുന്നുണ്ട് എന്നത് ശരിതന്നെ. പക്ഷേ, അവിടെ എത്തുമ്പോൾ ഇതിനേക്കാൾ കൂടുതൽ ചെയ്യാൻ കഴിയുമായിരുന്നുവെന്ന് തോന്നിപ്പോകുന്നു.

മുഅല്ലിമുമാരെ നിയമിക്കേണ്ട ഒരുപാട് ആഫ്രിക്കൻ ജമാഅത്തുകളും ഇന്ത്യൻ ജമാഅത്തുകളുമുണ്ട്. അവിടങ്ങളിൽ വൈദ്യുതിയില്ലാത്ത സ്ഥലങ്ങളിൽ അതിനുള്ള ഏർപ്പാട് ചെയ്ത് എം.ടി.എ സംഘടിപ്പിക്കണം. അത് തർബിയ്യത്തിനുള്ള വളരെ വലിയൊരു മാർഗ്ഗമാണ്. ഇത് കൂടാതെ മറ്റു പരിപാടികളും നടപ്പിൽ വരുത്തണം. ഇതിനായി വൻതുക ആവശ്യമുണ്ട്. ഏറ്റവും ചെലവ് കുറഞ്ഞ മാർഗ്ഗങ്ങൾ ഉപയോഗിച്ചു കൊണ്ട്, കൂടുതൽ കൂടുതൽ ഫലമെടുക്കാൻ ജമാഅത്ത് അല്ലാഹുവിന്റെ കൃപയാൽ ശ്രമിക്കുന്നുണ്ട്. ജീവിതത്തിനുള്ള ഒരു സാധാരണ നിയമമാണിത്. മറ്റുള്ളവർ ഇതനുസരിച്ച് പ്രവർത്തിക്കുന്നുണ്ടോ ഇല്ലേ എന്ന് നമുക്കറിയില്ല. എന്നാൽ, ജമാഅത്ത് ഇതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുന്നു. അങ്ങനെ തന്നെയാണ് വേണ്ടതും. പരിപാടികൾ ആസൂത്രണം ചെയ്യുന്ന ജമാഅത്തിന്റെ ഭാരവാഹികളും പ്രവർത്തിക്കുന്നവരും, പണം ചെലവഴിക്കുന്നവരും ഇതനുസരിച്ച് ചിന്തിക്കേണ്ടതാണ്. ചിലപ്പോൾ അശ്രദ്ധയുണ്ടാകാറുണ്ട്. അതുകൊണ്ട് ഉത്തരവാദപ്പെട്ടവർ ഇക്കാര്യം എപ്പോഴും ശ്രദ്ധിക്കേണ്ടതാണ്. ജമാഅത്തിന്റെ ഓരോ പൈസയും ഏതെങ്കിലും ഉദ്ദേശ്യത്തിനായി ചെലവഴിക്കപ്പെടണം. ജമാഅത്തിൽ അധികംപേരും, വലിയ ത്യാഗങ്ങൾ ചെയ്തുകൊണ്ട് ചന്ദ കൊടുക്കുന്ന ദരിദ്രജനങ്ങളാണ്. അതിനാൽ, ഓരോതലത്തിലും നിസാമെ ജമാഅത്ത് ചെലവുകളെക്കുറിച്ച് സൂക്ഷ്മത പാലിക്കേണ്ടതാണ്. ചെലവാകുന്ന ഓരോ പൈസയും അല്ലാഹുവിന്റെ സംപ്രീതി കരസ്ഥമാക്കാൻ വേണ്ടിയായിരിക്കണം. അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള സഹതാപത്തിനായി ചെലവഴിക്കണം. ഇൻശാഅല്ലാഹ്. നാം ഈ ആത്മാവോടുകൂടി നമ്മുടെ ചെലവുകൾ നിർവ്വഹിക്കുമ്പോൾ നമ്മുടെ പ്രവർത്തനങ്ങളിൽ അല്ലാഹു അതിരറ്റ അനുഗ്രഹം ഇട്ടുകൊണ്ടിരിക്കും. മറ്റുള്ളവർ ആയിരം ചെലവഴിച്ച് ചെയ്യുന്ന പ്രവൃത്തികൾ, നമ്മൾ നൂറ് ചെലവഴിച്ച് ആ ലക്ഷ്യം നേടുന്നു. ഇതുവരെ അല്ലാഹു നമ്മോട് പെരുമാറിയിട്ടുള്ളത് ഈ രീതിയിലാണ്.

ഇപ്രകാരം സൂക്ഷ്മതയോടെ ജമാഅത്ത് ചെലവഴിച്ചുകൊണ്ടിരിക്കുവോളം ബർക്കത്തും ഉണ്ടായിക്കൊണ്ടിരിക്കും. ത്യാഗങ്ങൾവരിക്കുന്നവർ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനായി തങ്ങളുടെ ത്യാഗങ്ങൾ എല്ലാതരം തെറ്റായ ഭാവനകൾക്കുമതീതമായി സമർപ്പിക്കേണ്ടതാണ്. ഇങ്ങനെ ചിന്തിച്ചും മനസ്സിലാക്കിയും ചെലവഴിക്കുമ്പോൾ– അങ്ങനെ ചെയ്യുന്നുണ്ട് ജമാഅത്തുകൾ– ചെലവഴിക്കുന്നവർ ശ്രദ്ധയോടുകൂടി ചെലവഴിക്കുന്നവരാണെന്നും അതുകൊണ്ടാണ് അല്ലാഹു ബർക്കത്ത് ഇടുന്നതെന്നും മനസ്സിലാക്കാം. ചിലയാളുകളുണ്ട്. അവർ കുറച്ചേയുള്ളൂ. സാമ്പത്തികമായി അവർക്ക് നല്ല കഴിവുണ്ട്. പക്ഷേ, ആ നിലവാരമനുസരിച്ച് ചന്ദ കൊടുക്കാറി

ല്ല. ജമാഅത്തിന്റെ പക്കൽ ഒരുപാട് പണമുണ്ടെന്നും, ജമാഅത്തിന് ഇപ്പോൾ ചന്ദയുടെ ആവശ്യമില്ലെന്നും, തങ്ങൾ കൊടുക്കുന്നത് തന്നെ മതിയെന്നും പറയുന്നവരാണ് അവർ. ജമാഅത്തിന്റെ കൈയിൽ പണം ഒരുപാടുണ്ടോ ഇല്ലേ എന്നതല്ല പ്രശ്നം. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിന്റെ പണത്തിൽ ഞാൻ പറഞ്ഞതുപോലെ ബർക്കത്ത് വളരെയധികമാണ്. അതുകൊണ്ട് ആക്ഷേപകർക്കും എതിരാളികൾക്കും ഇത് വളരെ കൂടുതലായി കാണാൻ കഴിയുന്നു. ആക്ഷേപകർ ഇതിൽ നിന്ന് രക്ഷപ്പെടാനാണ് അങ്ങനെ പറയുന്നത്. എതിരാളികൾക്ക്, അല്ലാഹു പല ഇരട്ടിയായി കാണിക്കുകയും ചെയ്യുന്നു. അല്ലാഹുവിന്റെ അനുഗ്രഹം അവൻ വാഗ്ദാനം ചെയ്തിട്ടുള്ളതാണ്.

പണം ഒരുപാടുണ്ട്, അതുകൊണ്ട് ഇതും ചെയ്യണം അതും ചെയ്യണം എന്നു പറയുന്ന ചിലരെക്കുറിച്ച് ഞാൻ പറഞ്ഞിരുന്നു. എന്നാൽ, അവർ കൊടുക്കുന്ന ചന്ദ വളരെ കുറവായിരിക്കും. പൊതുവെ ജമാഅത്ത് ദൈവികാനുഗ്രഹത്താൽ വളരെ ആസൂത്രിതമായ പദ്ധതിയോടുകൂടിയാണ് ചെലവഴിക്കുന്നത്. അതിനാൽ അത്തരം കാര്യങ്ങൾ സംസാരിക്കുന്നവർ വിഷമിക്കേണ്ടതില്ല. ചന്ദ കൊടുക്കാതിരിക്കാനുള്ള ഒഴികഴിവുകൾ തിരഞ്ഞുനടക്കുന്നതിനു പകരം, നിങ്ങളുടെ കടമകൾ നിറവേറ്റുകയാണ് വേണ്ടത്.

ചന്ദ കൊടുക്കാനുള്ള ആഹ്വാനം എപ്പോഴും ജമാഅത്തിൽ ഉണ്ടാകും. ഉണ്ടായിക്കൊണ്ടേയിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഖുർആന്റെ പാഠമനുസരിച്ച് നമ്മോടു പറഞ്ഞതുപോലെ ഈമാനെ പ്രബലപ്പെടുത്തുന്നതിന് ഇത് അത്യാവശ്യമാണ്. ലോകത്തുള്ള എല്ലാ ആസൂത്രിത പദ്ധതിയും നടപ്പിൽ വരുത്തുവാൻ ധനം ആവശ്യമാണ്. അതിന് വളരെ വലിയ ബന്ധമുണ്ട്. മതത്തിന്റെ ശക്തിക്കായി ധനം ചെലവഴിക്കപ്പെടുന്ന ഈ ആസൂത്രിത പദ്ധതിയിൽ ചേർന്നുകൊണ്ട് അത് ചെലവഴിക്കുന്നവർക്ക് അവരുടെ ഭയവും ദുഃഖവും അകലുമെന്ന് അല്ലാഹു ഉറപ്പു നല്കുന്നു. അതിനുള്ള പ്രതിഫലവും അല്ലാഹുവിന്റെ പക്കലുണ്ട്. ആ പ്രതിഫലത്തിന് അതിരില്ല. ഇതിനേക്കാൾ ഉത്തമമായ നിലയിൽ ധനം എവിടെ ചെലവഴിക്കപ്പെടാനാണ്. ചന്ദ നല്കുന്ന ഓരോരുത്തരും ദീനിന്റെ പ്രചാരണത്തിനായി നല്കുന്നു എന്ന ഉദ്ദേശ്യത്തോടെ നല്കുമ്പോൾ, അവൻ അവന്റെ പ്രതിഫലം നേടിയെടുത്തു. അത് ചെലവഴിക്കുന്നതും ശരിയായ രീതിയിലായിരിക്കും. ഇനി എവിടെയെങ്കിലും അല്പം ബലഹീനതയുണ്ടായാൽ തന്നെ, ചന്ദ കൊടുക്കുന്നവർക്ക് എന്തായാലും പ്രതിഫലം കിട്ടിക്കഴിഞ്ഞു. അതുകൊണ്ട് ഏതെങ്കിലും അഹ്മദിയുടെ മനസ്സിൽ ഞെരുക്കം ഉണ്ടായിട്ടുണ്ടെങ്കിൽ അയാൾ അത് അകറ്റുകയും അല്ലാഹുവിന്റെ സന്തോഷം കരസ്ഥമാക്കാൻ ശ്രമിക്കുകയും ചെയ്യുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

“വലിയ വലിയ ഭരണകൂടങ്ങളും പ്രവർത്തിക്കുന്നത് ജനങ്ങൾ കൊടുക്കുന്ന ചന്ദ കൊണ്ടാണ്. വ്യത്യാസം എന്താണെന്ന് വെച്ചാൽ, ഭൗതിക ഭരണകൂടം ശക്തമായി ടാക്സ് ചെലുത്തി ബലമായി പിടിച്ചെടുക്കുന്നു. ഇവിടെ നാം സ്വന്തം ഇഷ്ടത്തിനും സ്വന്തമായ തീരുമാനത്തിനും വിടുന്നു.”

അല്ലാഹു മനുഷ്യന്റെ ഇഷ്ടത്തിന് വിട്ടുകൊണ്ട് അവന് പ്രതിഫലം കണക്കില്ലാതെ നല്കുന്നു. നിർബന്ധമായും ഇത്ര നല്കണമെന്ന് പറയുന്നില്ല. മനുഷ്യന്റെ ഇഷ്ടത്തിനു വിട്ടുകൊണ്ട്, ചെലവഴിക്കുകയാണെങ്കിൽ അതിന്റെ പ്രതിഫലം നല്കുമെന്ന് അതിനോടൊപ്പം പറയുകയും ചെയ്യുന്നു. ചെലവഴിക്കുന്ന ആളിന്റെ ഉദ്ദേശ്യം നല്ലതായിരിക്കണമെന്നു മാത്രം. ഇതിനേക്കാൾ കൂടുതൽ ലാഭകരവും നല്ലതുമായ മറ്റെന്ത് കച്ചവടമാണുള്ളത്. ഇന്ത്യയിലെ ജമാഅത്തുകളോടും ഞാൻ പറയാനാഗ്രഹിക്കുകയാണ്, നിങ്ങൾക്ക് ഞാൻ പറഞ്ഞതുപോലെ എല്ലാ സൗകര്യവും ലഭിക്കുന്നുണ്ട്, തർബിയ്യത്തുപരവും തബ്ലീഗ് പരവുമായ പരിപാടികൾക്ക് ഇനിയും സാധ്യതകൾ നിലവിലുണ്ട്. പക്ഷേ, എത്രത്തോളം പ്രവർത്തനം അവിടെ നടക്കണമോ അത് നടക്കുന്നില്ല. അതുകൊണ്ട് ഈ ഭാഗത്തേക്ക് പുതിയ ആവേശത്തോടും ഉത്സാഹത്തോടുംകൂടി ശ്രദ്ധിക്കുക. കഴിഞ്ഞവർഷം ഞാൻ ഖാദിയാനിൽ പോയപ്പോൾ ഉപദേശിച്ചതിന്റെ ഫലമായി അഭിവൃദ്ധിയിലേക്ക് അല്പം ശ്രദ്ധയുണ്ടായിട്ടുണ്ട്. അവർ അയച്ച കണക്കും എണ്ണവും നോക്കുമ്പോൾ തർബിയ്യത്തിലേക്ക് ശ്രദ്ധയുണ്ടെന്ന് മനസ്സിലാകുന്നുണ്ട്. ഇക്കാരണത്താൽ ജനങ്ങൾക്ക് ധനത്യാഗത്തിലേക്കും ശ്രദ്ധയുണ്ടായിരിക്കുന്നു. വഖ്ഫെ ജദീദിനുവേണ്ടി ധനത്യാഗം ചെയ്യുന്നവരുടെ അംഗസംഖ്യയിൽ ഈ വർഷം അവർ 4000 പേരെ വർദ്ധിപ്പിച്ചിട്ടുണ്ട്. അവരുണ്ടാക്കിയിരുന്ന ബഡ്ജറ്റിൽ– അത്

കഴിഞ്ഞവർഷത്തേതിനേക്കാൾ കൂടുതലാണ് ഉണ്ടാക്കിയിരുന്നത്. ആ ബഡ്ജറ്റിനേക്കാൾ രണ്ട് ലക്ഷത്തിമുപ്പതിനായിരം രൂപ അവർ അധികമായി പുതിയ അഹ്മദികളുടെ നാട്ടിൽനിന്ന് പിരിച്ചെടുത്തിട്ടുമുണ്ട്. ഇതൊരുപക്ഷേ, ആദ്യമായിരിക്കാം. വ്യക്തിപരമായി ശരാശരി അടച്ചുവീട്ടുന്ന കാര്യത്തിലും നിസ്സാരമായിട്ടാണെങ്കിലും വർദ്ധനവുണ്ടായിട്ടുണ്ട്. അവരുടെ അവസ്ഥ നോക്കുമ്പോൾ നിസ്സാരമായ ഈ വർദ്ധനവും ഒരുപാടാണ്. ശരാശരി അഞ്ചോ അഞ്ചരയോ രൂപയുടെ വർദ്ധനവാണുള്ളത്. ഞാൻ പറയുകയുണ്ടായി, ചന്ദ കൊടുക്കുന്നവരിൽ അധികവും പുതിയവരോ, കുറച്ചു വർഷം മുമ്പേ ബയ്അത്ത് ചെയ്തവരോ ആണ്. അതിനാൽ ഇനിയും ഈ ഭാഗത്തേക്ക് കൂടുതൽ ശ്രദ്ധിക്കുക. ഇന്ത്യയിലെ ജമാഅത്തുകൾ വഖ്ഫെ ജദീദിനു വേണ്ടിയുള്ള ചെലവിന്റെ ഏകദേശം മൂന്നു ശതമാനം മാത്രമാണ് തങ്ങളുടെ വരുമാനം കൊണ്ട് പൂർത്തിയാക്കുന്നത്. ഞാൻ പറഞ്ഞ ഈ ചുരുങ്ങിയ വിവരം ഇന്ത്യയിലെ ജമാഅത്തുകളെ ഇരുത്തി ചിന്തിപ്പിക്കേണ്ടതാണ്. ഇപ്രകാരം തന്നെ ബയ്അത്തിന്റെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ വഖ്ഫെ ജദീദിൽ ഒരുപാടാളുകളെ ചേർക്കാൻ കഴിയും. അടുത്തവർഷം ഇന്ത്യയും കുറഞ്ഞത് അഞ്ചുലക്ഷം പേരെ ഈ പദ്ധതിയിൽ ചേർക്കാനുള്ള ടാർഗറ്റ് വയ്ക്കേണ്ടതാണ്. ഇൻശാഅല്ലാഹ് ദുആയും പ്രവർത്തനവും കൊണ്ട് ഈ പ്രവൃത്തിയിൽ മുമ്പോട്ടുനീങ്ങിയാൽ പ്രയാസമൊന്നും ഉണ്ടാകുകയില്ലെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഞാൻ പറഞ്ഞതുപോലെ, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) 1985-ലാണ് ഈ പദ്ധതി ആഗോളാടിസ്ഥാനത്തിലാക്കിയത്. ഇതിന്റെ ഉദ്ദേശ്യം ഇന്ത്യയിലെ ജമാഅത്തുകളെ സഹായിക്കുക എന്നതാണ്. അവിടന്ന് കിട്ടിയ കണക്കുകളിൽനിന്നും വിവരങ്ങളിൽനിന്നും, ഇന്ത്യ അവരുടെ വരുമാനംകൊണ്ട് അവിടത്തെ വെറും മൂന്നു ശതമാനം പ്രവർത്തനമാണ് പൂർത്തിയാക്കുന്നത്. ബാക്കി 97 ശതമാനവും പൂർത്തിയാക്കുന്നത് പുറംനാട്ടുകാരാണ്. ഇതിൽ യൂറോപ്പിലേയും അമേരിക്കയിലേയും ഈ വർഷത്തെ വഖ്ഫെ ജദീദിൽ ഈടാക്കപ്പെട്ട തുകകൊണ്ട് വളരെ ഞെരുങ്ങിയാണ് ഇന്ത്യയിലെ ആവശ്യം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നത്. ആഫ്രിക്കൻ ജമാഅത്തുകൾക്ക് ഒരുപാട് ചെലവുകളുണ്ട്. അതും മറ്റ് ഫണ്ടുകളിൽനിന്നാണ് പൂർത്തീകരിക്കുന്നത്.

ഈ പാശ്ചാത്യരാജ്യങ്ങൾ, ഇന്ത്യയിലേയും ആഫ്രിക്കയിലേയും വഖ്ഫെ ജദീദിന്റെ ചെലവുകൾ പൂർത്തീകരിക്കുന്നതിലേക്കും ശ്രദ്ധിക്കേണ്ടതാണ്. ഞാൻ പരിശോധിച്ച കണക്കുകളിൽനിന്നും ഇവിടെ തീർച്ചയായും സാധ്യതയുണ്ടെന്ന് മനസ്സിലാകുന്നു. ഞാൻ ഇതിനു മുമ്പേയും പറഞ്ഞിട്ടുള്ളതാണ്. ചെലവുകളും പരിപാടികളും ഉണ്ടെന്ന ഒഴികഴിവാണ് ഇവിടെ പൊതുവെ പറയുന്നത്. അതായത്, അവിടെ കൂടുതൽ ചെലവുണ്ടായി, ആ പദ്ധതി നടത്തി, അതുകൊണ്ട് ഇതിൽ കുറവ് വന്നുപോയി എന്നാണ് പറയുന്നത്. ഈ മറ്റു ചെലവുകളും പദ്ധതികളും പാക്കിസ്ഥാനിലുമുണ്ട്. പക്ഷേ, അവിടെ ത്യാഗത്തിന്റെ നിലവാരം ഉയരുന്നു.  സ്പ്രിങ്ങിനെ എത്ര ശക്തമായി അമർത്തുന്നുവോ അത്രയധികം അത് പുറത്തേക്കു തള്ളുന്നു. അതിൽ പതിച്ചിട്ടുള്ള വസ്തുവിനെ മുകളിലേക്ക് എറിയുന്നു. ഇതുപോലെ അഹ്മദികളുടെ അവസ്ഥ എത്രത്തോളം അവിടെ വിഷമകരമായിത്തീരുന്നുവോ, അത്രത്തോളം അവരുടെ ത്യാഗങ്ങളുടെ നിലവാരം ഉയരുന്നു. മറ്റു ലോകത്തും എവിടെയൊക്കെ ജമാഅത്തിന് വിഷമം ഉണ്ടായിട്ടുണ്ടോ അവിടെയും ത്യാഗങ്ങളുടെ നിലവാരം മെച്ചപ്പെട്ടിട്ടുണ്ട്. വിഷമാവസ്ഥ ഉണ്ടാകട്ടെ, എന്നാൽ ത്യാഗങ്ങളിൽ ഉയരാം എന്ന ചിന്തയോടെ പാശ്ചാത്യരാജ്യങ്ങൾ ഇരിക്കരുത്. മറിച്ച്, നിങ്ങളുടെ സ്വന്തം സഹോദരങ്ങൾക്കുവേണ്ടി ത്യാഗങ്ങളിലേക്ക് കൂടുതൽ ശ്രദ്ധിക്കുക.

പാശ്ചാത്യരാജ്യങ്ങളിലെ സാധ്യതകളെക്കുറിച്ചാണ് ഞാൻ പറഞ്ഞുവന്നത്. ഏറ്റവുമാദ്യം ഞാനെടുക്കുന്നത് കാനഡയെയാണ്. ഇവിടേയും അധികം പാക്കിസ്ഥാനീ അഹ്മദികളാണ്. ഇരുപതിനായിരത്തിലോ, ഇരുപത്തയ്യായിരത്തിലോ അധികമാണ് ഇവരുടെ അംഗസംഖ്യ എന്നുതോന്നുന്നു. അവിടെ താമസിക്കുന്ന പാക്കിസ്ഥാനി അഹ്മദികളോട് ഞാൻ പറയുകയാണ്, ഇന്ത്യക്കാർക്ക് നിങ്ങളിൽ ഒരുപാട് അവകാശമുണ്ട്. മിക്കവരുടേയും വേരുകൾ തുടങ്ങുന്നത് അവിടെനിന്നാണ്. കാനഡയിൽ വഖ്ഫെ ജദീദിൽ ചേർന്നിട്ടുള്ളവരുടെ എണ്ണം വെറും 4485 ആണ്. ശരാശരി 40 കാനഡിയൻ ഡോളറാണ് കൊടുക്കുന്നത്. അംഗസംഖ്യ കൂട്ടാനും ത്യാഗം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കാനും, സാധ്യതകളുണ്ടിവിടെ. ഈ ഭാഗത്തേക്ക് ശ്രദ്ധിക്കേണ്ടതാണ്.

പിന്നീട് ജർമ്മനിയാണ്. ഇവിടെ ഓരോ വ്യക്തിയും കൊടുക്കുന്ന ശരാശരി കണക്ക് 15 യൂറോയാണ്. ഇതിൽ ചേർന്നിരിക്കുന്നവർ മാശാഅല്ലാഹ്.

12500 ൽ അധികമാണ്. എന്തായാലും ജർമ്മനിയിലും അധികവും പാക്കിസ്ഥാനികളാണുള്ളത്. ശരാശരി 15 യൂറോ എന്നത് എന്റെ അഭിപ്രായത്തിൽ കുറവാണ്. അതുകൊണ്ട് ഇത് വർദ്ധിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്.

അമേരിക്ക ശരാശരി 137 ഡോളർ നല്കുന്നു. മാശാഅല്ലാഹ് ഇത് വളരെ നല്ല ഒരു നിലയാണ്. എന്നാൽ, വഖ്ഫെ ജദീദിൽ ചേർന്നിട്ടുള്ളവരെ നോക്കുമ്പോൾ, ഇനിയും ഒരുപാടാളുകളെ ഇതിൽ ചേർക്കാൻ കഴിയുന്നതാണ്.

ഇനി ഞാൻ യു.കെ കാരെക്കുറിച്ച് പറയാം. തഹ്‌രീകെ ജദീദിന്റെ എണ്ണവും കണക്കും ഞാൻ പറഞ്ഞതിനുശേഷം അല്പം ഉത്സാഹം ചില ജമാഅത്തുകളിലും കേന്ദ്രതലത്തിലും ഉണ്ടായി. ഇവിടേയും ശരാശരി 34 പൗണ്ടാണ് ഇപ്പോൾ ചന്ദ കൊടുക്കുന്നത്. ഈ കണക്കനുസരിച്ച് ഏകദേശം രണ്ടേമുക്കാൽ പൗണ്ടാണ് ഒരുമാസം ഒരാൾ നല്കുന്നത്. എനിക്ക് തോന്നുന്നത് നിങ്ങൾ പുറത്തുപോകുമ്പോൾ ഇതിനേക്കാൾ കൂടുതൽ തുകക്ക് ഒരുനേരം കുട്ടികൾക്ക് ചിപ്സ് വാങ്ങിക്കൊടുക്കുന്നുണ്ടാകും എന്നാണ്. ഇതിലും പങ്കെടുക്കുന്നവരുടെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കാൻ കഴിയും. ഇപ്പോൾ ചേർന്നിട്ടുള്ളവരുടെ എണ്ണം 12024 ആണ്. ഞാൻ വിലയിരുത്തിയ റീജിയണുകളിൽ സ്കോട്ട്ലാന്റ് റീജിയണിന്റെ പങ്കാളിത്തം ഏറ്റവും ഉയർന്നതാണ്. ഏകദേശം 81%. അതിനുശേഷം വരുന്നത് സൗത്ത് വെസ്റ്റ് റീജിയനാണ്. ഇതിൽ കോർണിവൽ തുടങ്ങിയവയും പെടുന്നു. ഇവരുടെ പങ്കാളിത്തം 80% ആണ്. നോർത്ത് ഈസ്റ്റ് റീജിയണിന്റെ പങ്കാളിത്തം 70 ശതമാനത്തിൽ അധികമാണ്. ഇവിടെ നോർത്ത് ഈസ്റ്റിൽ മറ്റുള്ള കാര്യങ്ങളെല്ലാം ഭംഗിയായ നിലയിൽ പോകുന്നുണ്ട്. പക്ഷേ, സ്കന്ദാളുകാരിൽ അധികവും ഡോക്ടർമാരാണെങ്കിലും അവരുടെ പങ്കാളിത്തം വളരെ കുറവാണ്. അത് 50 ശതമാനമേയുള്ളൂ. ഏറ്റവും കുറവ് സൗത്ത് റീജിയനാണ്. 54 ശതമാനമാണ് ഇവിടുത്തെ പങ്കാളിത്തം. പങ്കാളിത്തത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ആളുകളെ വഖ്ഫെ ജദീദിൽ പങ്കെടുപ്പിക്കാൻ പരിശ്രമിക്കേണ്ടതാണ്. കുട്ടികളേയും ഇതിൽ പങ്കെടുപ്പിക്കുക.

ഇതുമായി ബന്ധപ്പെട്ട രാജ്യാന്തരതലത്തിലുള്ള വിവരങ്ങൾ ഇനി ഞാൻ പറയാം. തഹ്‌രീകെ ജദീദിനെ സംബന്ധിച്ച് ഞാൻ ബ്രഡ്ഫോഡിനെ ഉപദേശിച്ചിരുന്നു. ഞങ്ങൾ ഇപ്രാവശ്യം വഖ്ഫെ ജദീദിൽ അങ്ങനെ ചെയ്യും ഇങ്ങനെ ചെയ്യുമെന്നൊക്കെ പറഞ്ഞ് അവരുടെ ഒരു വലിയ കത്ത് വന്നിരുന്നു.

ശരാശരി ചന്ദ അടക്കുന്നതിന്റെ അടിസ്ഥാനത്തിലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ വഖ്ഫെ ജദീദിൽ പങ്കെടുക്കുന്നവരിലും ലണ്ടൻ പള്ളി ഉൾപ്പെടുന്ന സ്ഥലം ഒന്നാം സ്ഥാനത്താണ്. 63 പൗണ്ടാണ് ഇവർ ശരാശരി നൽകുന്നത്. വലിയ വാദം ഉന്നയിച്ചിരുന്ന ബ്രഡ്ഫോഡ് നൽകുന്നത് ശരാശരി 38 പൗണ്ടാണ്. ഇപ്രകാരം തന്നെയാണ് ബ്രമ്മിംഗ്ഹാം. അവർ വളരെ പിന്നിലാണ്. നല്ലനിലയിൽ തിന്നുകയും കുടിക്കുകയും ചെയ്യുന്നവരാണവർ. അവരുടെ ഇപ്പോഴുള്ള കണക്കും വർദ്ധിപ്പിക്കാൻ കഴിയുന്നതാണ്. അതുപോലെതന്നെ മാഞ്ചസ്റ്ററിലും വർദ്ധനവുണ്ടാക്കാൻ കഴിയും. ലണ്ടൻ പള്ളി ഉൾപ്പെടുന്ന സ്ഥലത്തെ ആളുകൾക്ക് പുറമെ തങ്ങളുടേതായ നിലയിൽ നല്ലവണ്ണം ചന്ദ കൊടുക്കുന്ന ജമാഅത്ത് ഊസ്റ്റർ പാർക്കാണ്.

ഈ വിവരങ്ങൾ ഞാൻ പറയുന്നത്- ഇന്ത്യയുടെ ആവശ്യങ്ങളെക്കുറിച്ചും നിങ്ങളുടെ ത്യാഗത്തെക്കുറിച്ചും ഒരു കണക്ക് നിങ്ങൾക്ക് കിട്ടാനാണ്. സഹിക്കാവുന്നതിനേക്കാൾ അധികം ഭാരം ഇടരുതെന്നും അഫ്‌വ് അനുസരിച്ച് പ്രവർത്തിക്കുകയെന്നും അല്ലാഹു പറഞ്ഞിട്ടുള്ളത് ശരിതന്നെ. അതായത്, നിങ്ങളുടെ ഭാര്യാമക്കളേയും ഗൗനിക്കുക. അവരുടെ ആവശ്യങ്ങളും പൂർത്തീകരിച്ചുകൊടുക്കുക. പക്ഷേ, ആവശ്യങ്ങൾക്കും ഒരുപരിധി നിശ്ചയിക്കപ്പെടേണ്ടതാണ്. അതിനും ഒരു മാനദണ്ഡം വേണ്ടതാണ്. ഇല്ലെങ്കിൽ ഇക്കാലത്ത് എത്രത്തോളം ഭൗതികമായ വസ്തുക്കളോടുള്ള ഭ്രമം വർദ്ധിക്കുന്നുവോ അത് വർദ്ധിച്ചുകൊണ്ടേ പോകും. പലതരത്തിലുള്ള വസ്തുക്കൾ മാർക്കറ്റുകളിൽ കാണുന്നു. അത് നിങ്ങളുടെ ആഗ്രഹത്തെ കൂടുതൽ ജ്വലിപ്പിക്കുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അഫ്‌വ് എന്നതിന്റെ നിർവചനം എന്താണെന്ന് നോക്കേണ്ടതുണ്ട്. ഈമാനികാവസ്ഥയുടെ ഉന്നമനത്തിനായും ത്യാഗങ്ങൾ ആവശ്യമുണ്ടെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിരിക്കുന്നു. അതുകൊണ്ട് കുട്ടികളിലും ഈ ത്യാഗം ചെയ്യാനുള്ള ശീലമുണ്ടാക്കിത്തീർക്കുക; അവർ വളർന്നു വലുതാകുമ്പോൾ അവരുടെ ആഗ്രഹങ്ങളുടെ പരിഗണനയിൽ അല്ലാഹുവിനുവേണ്ടിയുള്ള ത്യാഗം ഏറ്റവും ഒന്നാം സ്ഥാനത്ത് വരുന്നതിനു

വേണ്ടിയാണിത്. ഇതുമുഖേന പങ്കെടുക്കുന്നവരുടെ എണ്ണത്തിലും വർദ്ധനവുണ്ടാകും. 'അഫ്വ്'ന്റെ നില വാരവും പരിഗണന മാറുന്നതിനനുസരിച്ച് മാറുന്ന തായിരിക്കും. കുട്ടികൾക്ക് പോക്കറ്റ് ചെലവ് നൽകു മ്പോൾ അതിൽനിന്ന് ചന്ദ കൊടുക്കാനുള്ള ശീലവും അവരിലുണ്ടാക്കിത്തീർക്കുക. സന്തോഷവേളകളിൽ കുട്ടികൾക്ക് ലഭിക്കുന്ന പൈസകളിൽനിന്നും ചന്ദ കൊടുക്കുന്ന ശീലമുണ്ടാക്കിത്തീർക്കുക. ഈ പാശ്ചാത്യരാജ്യങ്ങളെ ഞാൻ വിലയിരുത്തിയപ്പോൾ- ഞാൻ മുമ്പേയും പറഞ്ഞിട്ടുള്ളതാണിത്- മാസ ത്തിൽ ബാസാറിൽനിന്ന് രണ്ട് പ്രാവശ്യം കഴിക്കുന്ന ബർദ തുടങ്ങിയ ഭക്ഷണത്തിന്റെ വില- വളരെ താല്പര്യത്തോടും രസത്തിനു വേണ്ടിയുമാണിത് കഴി ക്കുന്നത്. ആവശ്യമുണ്ടായിട്ടല്ല- വെറും രണ്ട് പ്രാവശ്യം കഴിക്കുന്ന തുക വഖ്ഫെ ജദീദിന്റെ ചന്ദ യിൽ കൊടുക്കുകയാണെങ്കിൽ അത് അടങ്കൽ തുക യിൽ 25, 30 % വർദ്ധനവുണ്ടാക്കും. കുട്ടികളുടെ ചന്ദയുടെ കാര്യമാണ് ഇപ്പറഞ്ഞത്. പാക്കിസ്ഥാനിൽ ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) വഖ്ഫെ ജദീ ദിനെ കുട്ടികളുടെ ചുമതലയിൽ പെടുത്തിയിരുന്നു. ഞാനും ഇതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ടെന്നാണ് തോന്നുന്നത്, ഇല്ലെങ്കിൽ ഞാൻ വിളംബരം ചെയ്യുക യാണ്, പുറംനാട്ടിലുള്ളവരും തങ്ങളുടെ കുട്ടികളെ വഖ്ഫെ ജദീദിന്റെ ചുമതല ഏല്പിക്കുക. അതിന് അവരിൽ ശീലമുണ്ടാക്കുക. കുട്ടികളുടെ എണ്ണ സംഖ്യ വളരെ വലുതാണ്. അവർ ഇൻശാഅല്ലാഹ് ചെലവുകൾ നികത്തുന്നതാണ്. ചെറിയ ചെറിയ വസ്തുക്കളിൽനിന്ന് മിച്ചം വെച്ച് കൊടുക്കുന്ന ശീലം അവരിൽ ഉണ്ടാക്കുകയാണെങ്കിൽ അതൊരു ഭാര മായിരിക്കുകയില്ല. ഇപ്രകാരംതന്നെ വലിയവരും പ്രവർത്തിക്കുക. ഇത് രണ്ടും നടപ്പിൽ വന്നാൽ ഇന്ത്യ യുടെ ചെലവുകളും ഒരുപരിധിവരെ ആഫ്രിക്കയുടെ ചെലവും പൂർത്തിയാക്കാൻ കഴിയും. വഖ്ഫെ ജദീ ദിന്റെ സംക്ഷിപ്തമായ ചരിത്രവും വിവരങ്ങളും പറ ഞ്ഞതിനുശേഷം ഞാൻ മൊത്തത്തിലുള്ള കണക്കുകൾ പറയാം. ഇതിൽനിന്ന് രാജ്യങ്ങളുടെ ഇപ്പോഴത്തെ നില മനസ്സിലാകുന്നതാണ്. പാക്കിസ്ഥാ നിലെ നഗരങ്ങളുടെ നിലവാരവും മനസ്സിലാകും.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൊത്തം 22 ലക്ഷത്തി ഇരുപത്തയ്യായിരം പൗണ്ടിന്റെ ത്യാഗം ഈ വർഷം ജമാഅത്തുകൾ സമർപ്പിച്ചു. ഇത് കഴിഞ്ഞ കാലത്തെ അപേക്ഷിച്ച് 83,000 പൗണ്ട് അധികമാണ്. ഇതിൽ ത്യാഗങ്ങളുടെ നിലവാരം വർദ്ധിച്ചിട്ടുണ്ടെ ങ്കിലും പൗണ്ടിന്റെ മൂല്യം നോക്കുമ്പോൾ അമേരി ക്കയിലും പാക്കിസ്ഥാനിലും കറൻസിക്ക് വില വളരെ കുറഞ്ഞിരിക്കുന്നു. അതായത്, അവരുടെ കറൻസികളുടെ മൂല്യം കുറഞ്ഞുപോയിരിക്കുന്നു. കറൻസിയുടെ വില ഇടിഞ്ഞിട്ടും ലോകം മുഴുവ നുമുള്ള ജമാഅത്തുകളിൽ പാക്കിസ്ഥാനാണ് ഒന്നാം സ്ഥാനത്തുള്ളത്. അമേരിക്കയായിരുന്നു ഒന്നാം സ്ഥാനത്തുണ്ടായിരുന്നത്. പാക്കിസ്ഥാനിൽ ഞാൻ പറഞ്ഞതുപോലെ ത്യാഗങ്ങളുടെ നിലവാരം വളരെ ഉയർന്നിട്ടുണ്ട്. ദരിദ്രരുടെ ത്യാഗവികാരം വിജയം വരിച്ചിരിക്കുന്നു. പാക്കിസ്ഥാനിലെ അഹ്മദികളോട് ഞാൻ പറയട്ടെ, നിങ്ങളിൽ ഉണ്ടായിരിക്കുന്ന ആവേശം ഒരിക്കലും മരിക്കാനനുവദിക്കരുത്. ഓരോ എതിർപ്പിന്റേയും ശക്തമായ പൊടിക്കാറ്റ്, ഈ ആവേ ശത്തെ കൂടുതൽ ഉത്തേജിപ്പിക്കുന്നതായിരിക്കണം. നിങ്ങളുടെ ത്യാഗങ്ങളുടെ നിലവാരം ഉയർന്നു കൊണ്ടേ പോകുന്നതിനുവേണ്ടിയാണിത്.

മൊത്തമായ പൊസിഷൻ നോക്കുമ്പോൾ പാക്കിസ്ഥാനാണ് ഒന്നാം സ്ഥാനത്ത്. രണ്ടാം സ്ഥാനത്ത് അമേരിക്ക. ബ്രിട്ടൻ മൂന്നാം സ്ഥാനത്താ ണ്. നാല് ജർമ്മനി, അഞ്ച് കാനഡ, ആറ് ഇന്ത്യ, ഏഴ് ഇന്തോനേഷ്യ, എട്ട് ബെൽജിയം ഒമ്പത് ആസ്ത്രേ ലിയ. പത്താം സ്ഥാനത്തുള്ളത് സ്വിറ്റ്സർലാന്റാണ്. ഫ്രാൻസും ഇവരുടെ തൊട്ടടുത്തുണ്ട്. യൂറോപ്യൻ രാഷ്ട്രങ്ങളിൽ ഫ്രാൻസിൽ ദഅ്വത്തെ ഇലല്ലായുടെ പ്രവർത്തനം നല്ലനിലയിൽ നടന്നുവരുന്നു. ദ്വീപുക ളിൽപോയും അവർ പ്രബോധനം നടത്തുകയു ണ്ടായി. അതിന്റെ നല്ല പ്രതിഫലവും അവർക്ക് കിട്ടി യിട്ടുണ്ട്. അതുകൊണ്ട് തബ്ലീഗിനോടൊപ്പം ഫ്രാൻസ് നവഅഹ്മിദികളെ ചന്ദയിലും ഉൾപ്പെടു ത്തേണ്ടതാണ്. ധനത്യാഗത്തിന്റെ ശീലം അവരിൽ ഉണ്ടാക്കിത്തീർക്കുക. ബെൽജിയവും ചന്ദയിലേക്ക് ശ്രദ്ധിക്കാൻ തുടങ്ങിയിട്ടുണ്ട്. നാല് ലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരത്തിലേറെ ആളുകളാണ് ഇതിൽ പങ്കെടുത്തിട്ടുള്ളത്. ഈ വർഷം ഇരുപത്തിയാറായി രത്തി നാന്നൂറിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്. ജമാ അത്ത് ശ്രമിക്കുകയാണെങ്കിൽ ഒരുപാടാളുകളെ ഇനിയും ഇതിൽ ചേർക്കാൻ കഴിയും. ധാരാളം ഒഴി വുകൾ കാണുന്നുണ്ട്.

പാക്കിസ്ഥാനിൽ അത്ഫാലും, പ്രായപൂർത്തി യെത്തിവരും തമ്മിലാണ് മത്സരം. ആദ്യം പ്രായ പൂർത്തി തികഞ്ഞവരെക്കുറിച്ച് പറയാം. ലാഹോർ, കറാച്ചി, റബ്വ ഒന്നും രണ്ടും മൂന്നാം സ്ഥാനത്താ

ണ്. ജില്ലകളിൽ റാവൽപിണ്ടിയാണ് ഒന്നാം സ്ഥാനത്ത്. രണ്ട് സിയാൽക്കോട്ട്, മൂന്ന് ഇസ്ലാമാബാദ് നാല് ഫൈസലാബാദ് അഞ്ച് ഗുജ്റൻവാല, ആറ് ശെയ്ഖോപുര ഏഴ് മീർപൂർഖാസ്, എട്ട് സർഗോദ, ഒമ്പത് ഗുജറാത്ത്, പത്ത് ഭഗാവൽനഗർ.

അത്ഫാലുകളിൽ ഒന്നാംസ്ഥാനം ലാഹോറിനാണ്. രണ്ട് കറാച്ചി. മൂന്ന് റബ്വ. ജില്ലകളിൽ ഒന്ന് ഇസ്ലാമാബാദ്, രണ്ട് സിയാൽക്കോട്ട് മൂന്ന് ഗുജ്റൻവാല, നാല് റാവൽപിണ്ടി, അഞ്ച് ശെയ്ഖോപുര, ആറ് ഫൈസലാബാദ്, ഏഴ് മീർപൂർഖാസ്, എട്ട് സർഗോദ, ഒമ്പത് ഗുജറാത്ത്, പത്ത് ഭഗാവൽനഗർ.

അല്ലാഹുവിന്റെ ദീനിനുവേണ്ടി തങ്ങളുടെ സ്വന്തം ആവശ്യങ്ങൾ ത്യാഗം ചെയ്ത അഹ്മദികൾക്കും അവർ ചെയ്ത ധനത്യാഗത്തിനുമുള്ള ഉത്തമമായ പ്രതിഫലം അവൻ തന്നെ നൽകുമാറാകട്ടെ. അവരുടെ ജീവനിലും ധനത്തിലും അനുഗ്രഹം ചൊരിയുമാറാകട്ടെ.

ദീനീപരമായ ആവശ്യങ്ങളിൽ എപ്പോഴും വികാസം ഉണ്ടായിക്കൊണ്ടേയിരിക്കും. ഇൻശാഅല്ലാ, അല്ലാഹു അവന്റെ അനുഗ്രഹത്താൽ ഈ ആവശ്യങ്ങൾ പൂർത്തിയാക്കിക്കൊണ്ടിരിക്കുകയും ചെയ്യും. എന്നാൽ, അല്ലാഹുവിന്റെ അനുഗ്രഹത്തെ ആകർഷിച്ചെടുക്കുന്നതിനുവേണ്ടി, അവനുവേണ്ടിയുള്ള ധനത്യാഗങ്ങളിൽ മുന്നോട്ടു നീങ്ങാൻ ശ്രമിച്ചുകൊണ്ടേയിരിക്കണം എന്ന കാര്യം ഓരോ അഹ്മദിയും എപ്പോഴും ഓർമ്മയിൽ വെക്കേണ്ടതാണ്. ജമാഅത്തിൽ വിവിധ പദ്ധതികൾ എപ്പോഴും നടന്നുകൊണ്ടിരിക്കും. ഒരുഭാഗത്ത് ത്യാഗം ചെയ്യുവാനും മറുഭാഗത്ത് ക്ഷീണിച്ചിരിക്കുവാനും പാടില്ല. എപ്പോഴും ഓർമ്മിച്ചുകൊള്ളുക എവിടെയാണോ ഇങ്ങനെ മാറിയിരിക്കുന്നത് അവിടെ ബലഹീനതകളുടെ മേൽ ബലഹീനത ഉണ്ടാകാൻ തുടങ്ങുന്നു. അതുകൊണ്ട് ഇന്ന സ്ഥലത്ത് ത്യാഗം ചെയ്തു. അതുമതിയെന്ന ചിന്തയോടെ ഒരിക്കലും കുത്തിയിരിക്കരുത്. അടുത്തലോകത്ത് പ്രയോജനപ്പെടുന്ന ഏറ്റവും ഉദാത്തമായ ധനം അല്ലാഹുവിന്റെ വഴിയിൽ ത്യജിക്കുന്ന ധനം മാത്രമായിരിക്കും.

ഈയിടെ ജമാഅത്തുകളിൽ, ലോകത്തെല്ലായിടത്തും തന്നെ പള്ളിനിർമ്മാണത്തിലേക്കും ഒരുപാട് ശ്രദ്ധയുണ്ടായിക്കൊണ്ടിരിക്കുന്നു. ഒരുഭാഗത്തേക്ക് ശ്രദ്ധിക്കുമ്പോൾ പള്ളിയുടെ നിർമ്മാണത്തിന് അത് തടസ്സമാകരുത്. അതിലേക്കും ശ്രദ്ധ നിലനില്ക്കേണ്ടതാണ്. ബ്രിട്ടനിലും ഈ ഭാഗത്തേക്ക് ശ്രദ്ധയുണ്ടായിട്ടുണ്ട്. ഓരോ വർഷവും അഞ്ച് പള്ളി നിർമ്മിക്കാമെന്ന് ഇംഗ്ലണ്ടിലെ ജമാഅത്തുകൾ വാഗ്ദാനം ചെയ്തു. ബ്രഡ്ഫോഡിൽ പള്ളിനിർമ്മാണം നടന്നുവരുന്നു. മറ്റു സ്ഥലങ്ങളിലും നിർമ്മാണപ്രവർത്തനം നടക്കുന്നുണ്ട്. ഈ പ്രവർത്തികളെല്ലാം ഒപ്പത്തിനൊപ്പം നടന്നുകൊണ്ടേയിരിക്കണം. കാരണം കുട്ടികളുടേയും നമ്മുടേയും തർബിയ്യത്തിനും തബ്ലീഗിനുമുള്ള ഒരു വലിയ മാർഗ്ഗമാണ് പള്ളി. “ഇന്നയിന്ന സ്ഥലങ്ങളിൽ കുട്ടികളുടെ തർബിയ്യത്തിന് വിഷമം നേരിടുന്നു. അതുകൊണ്ട് ഞങ്ങൾക്ക് പള്ളി നിർമ്മിച്ചുതരിക” എന്ന ആവശ്യം ലജ്നയുടെ മീറ്റിംഗിൽ വളരെ ശക്തമായി ഉയർന്നിരുന്നു. അവരോട്, “പള്ളി നിർബന്ധമാണ്, ആരും അത് നിഷേധിക്കുകയില്ല, പക്ഷേ, അത് നിർമ്മിക്കേണ്ടത് നിങ്ങൾ തന്നെയാണ്” എന്ന് ഞാൻ പറഞ്ഞിരുന്നു. വെളിയിൽനിന്നാരും വന്ന് പള്ളി നിർമ്മിച്ചുതരികയില്ല. നാഷണൽ ശൂറാ കൂടിയപ്പോഴും ഞാൻ ഉപദേശിച്ചപ്പോൾ ജമാഅത്ത് അതിന് ലബ്ബൈക്ക് പറഞ്ഞു. ഇപ്പോൾ ദൈവികാനുഗ്രഹത്താൽ ഞാൻ പറഞ്ഞതുപോലെ 5 പള്ളി ഓരോ വർഷവും നിർമ്മിക്കാമെന്ന വാഗ്ദാനമാണുള്ളത്. അല്ലാഹു അതിന് തൗഫീഖ് നല്കുമാറാകട്ടെ. കഴിഞ്ഞ ദിനങ്ങളിൽ ഞാൻ ജർമ്മനിയിൽ പോയപ്പോൾ അവിടേയും മൂന്ന് പള്ളിയുടെ ഉദ്ഘാടനം നടന്നിരുന്നു. പള്ളിയുടെ ശിലാസ്ഥാപനകർമ്മവും നടന്നു. ജർമ്മനി– ഹോളണ്ടിന്റെ അതിർത്തി പ്രദേശത്തും ഒരു പള്ളി ഉദ്ഘാടനം ചെയ്തു. അതിപ്പോൾ പൂർണ്ണമായിട്ടില്ല. പക്ഷേ, അതിൽ നമസ്കരിക്കുക എന്നത് അവരുടെ ആഗ്രഹമായിരുന്നു; അതിനെ ഉദ്ഘാടനമായി അവർ മനസ്സിലാക്കുന്നു. അതിന്റെ കുറച്ച് പണികൾ ബാക്കിയുണ്ട്. അതും പൂർത്തിയാകുന്നതാണ്. അവിടെ വലിയൊരു പള്ളി ജർമ്മനി മജ്ലിസ് അൻസാറുല്ലാഹ് നിർമ്മിച്ചിട്ടുണ്ട്. 700, 800 ആളുകൾക്ക് അതിൽ നമസ്കരിക്കാൻ കഴിയും. ജർമ്മനിയിൽ പള്ളി എന്ന നിലയിൽ, പള്ളി എന്ന ഉദ്ദേശ്യത്തോടെ പണി കഴിപ്പിച്ചിട്ടുള്ള ഏറ്റവും വലിയ പള്ളിയാണിത്. അതിനോട് ചേർന്ന് ഗസ്റ്റ്ഹൗസും, മിഷൻഹൗസും ഓഫീസുകളുമുണ്ട്.

ഏറ്റവും വലിയ വിജയം ബർലിൻ പള്ളിയുടെ ശിലാസ്ഥാപനകർമ്മമായിരുന്നുവെന്ന് നിങ്ങൾക്കെല്ലാവർക്കും അറിയാം. അവിടെ എതിർപ്പും ശക്തമാണ്. ഇപ്പോഴും എതിരാളികൾ പറയുന്നത് ഈ പള്ളി പണിയാൻ അനുവദിക്കുകയില്ലെന്നാണ്. ഇത് നമ്മെ

ബാധിക്കുകയില്ലെന്ന് സംഘാടകർ കരുതുന്നു. നിയമകാര്യങ്ങളെല്ലാം പൂർത്തിയായിട്ടുണ്ട്. അല്ലാഹു ഓരോ ചുവടിലും നമ്മെ സഹായിച്ചുകൊണ്ടിരിക്കുന്നു. ഇത് ഞങ്ങൾ കണ്ടു, അമീർസാഹിബിന്റെ ആഗ്രഹം ഒരു മാസം മുമ്പേ ഞാൻ ഇവിടെ വരണമെന്നായിരുന്നു. ഡിസംബറിൽ വരാമെന്ന് ഞാൻ തീരുമാനിച്ചു. അതുവരെ അവർക്ക് രേഖാമൂലം അനുവാദം കിട്ടിയിരുന്നില്ല. രേഖാമൂലമുള്ള അനുവാദം ഞങ്ങൾ ചെന്നതിനുശേഷമാണ് കിട്ടിയത്. പിന്നെ നിയമപരമായ തടസ്സമൊന്നുമുണ്ടായില്ല. അതില്ലായിരുന്നെങ്കിൽ പല വിഷമങ്ങളും ഉണ്ടാകുമായിരുന്നു. ശിലാസ്ഥാപനകർമ്മം നിർവ്വഹിക്കുക എന്നതും പ്രയാസകരമാകുമായിരുന്നു.

മേയറും അവിടുത്തെ എംപിയും നമ്മുടെ പരിപാടിയിൽ പങ്കെടുത്തു. അവരും ജമാഅത്തിന്റെ പ്രവർത്തനങ്ങളെ അനുമോദിച്ചുകൊണ്ട് നമ്മുടെ എല്ലാ ആശങ്കകളും അകലുമെന്ന് പ്രതീക്ഷ പ്രകടിപ്പിച്ചു. ഞങ്ങൾ അവിടെ ചെന്നപ്പോൾ 40, 50 എതിരാളികൾ മുദ്രാവാക്യം വിളിക്കുന്നുണ്ടായിരുന്നു. പക്ഷേ, ജർമ്മനിയിൽ മറ്റൊരവസ്ഥയും ഞങ്ങൾ കണ്ടു. വേറൊരുകൂട്ടർ ബാനർ പിടിച്ചുകൊണ്ട് അഹ്മദിയ്യത്തിന് അനുകൂലമായിട്ടുണ്ടായിരുന്നു. ഇവിടെ നിർബ്ബന്ധമായും പള്ളി നിർമ്മിക്കൂ എന്ന് അവർ വിളിച്ചുപറഞ്ഞു. ഇതിലൊരു തടസ്സവും ആരും ഉണ്ടാക്കുകയില്ലെന്നും അവർ പറഞ്ഞുകൊണ്ടിരുന്നു. ജമാഅത്ത് അവരെ ക്ഷണിച്ചതല്ല. നമ്മുടെയാളുകൾക്ക് അവരെ ഒട്ടും അറിയുകയുമില്ല. സ്വന്തം ഇഷ്ടപ്രകാരം അവർ അവിടെ എത്തിയതാണ്. എതിരാളികളുടെ പദ്ധതികൾ പൊളിക്കുന്നതിനായി അല്ലാഹുതന്നെ ചെയ്ത ഏർപ്പാടാണിത്. ഈ ചെറിയ ഘോഷയാത്ര നടക്കുമ്പോൾ മൂന്നുനാല് നഗരവാസികൾ അവരുടെ ബാനർ പിടിച്ചുപറിക്കാൻ ശ്രമിച്ചു. എതിരാളികളോട് നമുക്കൊന്നും പറയേണ്ടി വന്നില്ല. അവരുടെയാളുകൾ തന്നെ അവരെ തടയുന്നവരായിട്ടുണ്ടായിരുന്നു. ഇങ്ങനെ അല്ലാഹുതന്നെ അതിനുള്ള ഏർപ്പാട് ചെയ്തു. എതിരാളികളുടെ ശബ്ദം അത്ര ഉയർന്നതായിരുന്നില്ല. അവർ മുദ്രാവാക്യങ്ങൾ റിക്കാർഡ് ചെയ്തുകൊണ്ടുവന്നതായിരുന്നു. അത് ദൂരത്തുനിന്ന് കേൾക്കുമ്പോൾ ജനങ്ങളിൽ വമ്പിച്ച ഘോഷയാത്ര വരുന്ന പ്രതീതി ഉണ്ടാക്കുന്നതായിരുന്നു. ഇതും മുല്ലാമാരുടെ ട്രെയിനിംഗ് ആണെന്നു തോന്നുന്നു. അവിടെ വന്ന എംപി വളരെ ആശ്ചര്യത്തോടെ പറഞ്ഞു. വളരെക്കാലമായിട്ട് എനിക്ക് ജമാഅത്തിനെക്കുറിച്ചറിയാം. അഹ്മദിയ്യാ ജമാഅത്തിന്റെ പള്ളി നിർമ്മാണത്തെ ആരെങ്കിലും എതിർക്കുമെന്ന് ഞാനൊരിക്കലും കരുതിയിട്ടില്ല. ഇവർ വളരെ സ്നേഹമുള്ള ജമാഅത്താണ്. സ്നേഹം പരത്തുന്ന ജമാഅത്താണ്.

പത്രങ്ങളിലും ടിവിയിലും നല്ല കവറേജുണ്ടായി. ജർമ്മനിയിൽ ചെയ്ത ഖുത്ബയിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ബർലിൻ പള്ളി പണിയുക എന്ന ആഗ്രഹത്തെക്കുറിച്ച് ഞാൻ പരാമർശിച്ചിരുന്നു. ഇതിനായി അക്കാലത്ത് സ്ഥലവും എടുത്തിട്ടുണ്ടായിരുന്നു എന്നാണ് തോന്നുന്നത്.

ഇക്കാലത്ത്, ഇത്ര വലിയ സ്ഥലം കിട്ടുക സാധ്യമല്ല. വിലയും വളരെ കൂടുതലാണ്. ജർമ്മനിയിൽ പൊതുവെ പള്ളികൾക്കു വേണ്ടി ചെറിയ സ്ഥലമാണ് വാങ്ങാറുള്ളത്. പക്ഷേ, ഇവിടെ ഒരു ഏക്കറിൽ അധികം സ്ഥലം അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമുക്ക് കിട്ടി. അത് വളരെ വില കുറച്ചാണ് നമുക്ക് ലഭിച്ചത്. ഇവിടെ പണിയുന്ന മറ്റു പള്ളികൾക്ക് ഇതിന്റെ നാലഞ്ചിരട്ടി ചെലവ് വരുന്നുണ്ട്. മുസ്‌ലിഹ് മൗഊദ്(റ)ന്റെ അക്കാലത്തെ പദ്ധതിയായിരുന്നു ഇത്. ഇതിന്റെ പ്ലാൻ കാണുമ്പോൾ അത്ഭുതപ്പെട്ടുപോകുന്നു. 600 പേർക്ക് നമസ്കരിക്കാനുള്ള സൗകര്യമായിരുന്നു ആ പ്ലാനിലുണ്ടായിരുന്നത്. മിഷൻ ഹൗസും, ഗസ്റ്റ് ഹൗസും, വിദ്യാർത്ഥികൾക്കായി 13 മുറികളും അതിൽ കാണിച്ചിരുന്നു.

ഇപ്പോൾ പണിയുന്ന പള്ളിയുടെ പ്ലാനിൽ 500 പേർക്ക് നമസ്കരിക്കാനുള്ള സൗകര്യമാണുള്ളത്. ഉടനെയല്ലെങ്കിലും പിന്നീട് മറ്റു കാര്യങ്ങൾ ചെയ്യാവുന്നതാണ്.

1923-ൽ ഇതിനെക്കുറിച്ച് പറഞ്ഞപ്പോൾ ലജ്നഇമായില്ലാഹ് പള്ളി നിർമ്മാണത്തിനായി പണം സ്വരൂപിച്ചിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞു: "യൂറോപ്പിൽ സ്ത്രീകളെ മൃഗങ്ങളെപോലെയാണ് ഗണിക്കുന്നത്. ഈ നഗരത്തിൽ ഒരു മതത്തിന്റെ കേന്ദ്രം പണിയുന്നുവെന്നും അതിന് മുസ്‌ലിം സ്ത്രീകളാണ് ജർമ്മനിയിലെ നവഅഹ്മദികൾക്കായി പള്ളി പണിയാനുള്ള ചെലവ് വഹിക്കുന്നതെന്നും മനസ്സിലാകുമ്പോൾ, യൂറോപ്യൻ ജനത ലജ്ജിക്കുകയും അത്ഭുതപ്പെടുകയും ചെയ്യും. ജർമ്മനിയിലെ ലജ്ന അംഗങ്ങൾ ഇതിനെക്കുറിച്ചറിഞ്ഞപ്പോൾ, അവർ ഈ പള്ളി നിർമ്മാണ ചെലവ് ഏറ്റെടുക്കാൻ തയ്യാറായി. ഇതിന് ഒന്നര, രണ്ട്

മില്യൺ യൂറോ വേണ്ടിവരും. അല്ലാഹു ഇവർക്ക് പ്രതിഫലം നല്കുമാറാകട്ടെ. അവരുടെ ജീവനിലും സമ്പത്തിലും അനുഗ്രഹം ചൊരിയുമാറാകട്ടെ. എത്രയും വേഗം വാഗ്ദാനം പൂർത്തിയാക്കുമാറാകട്ടെ; തങ്ങളുടെ വാഗ്ദാനം പെട്ടെന്ന് പൂർത്തിയാക്കി, അടുത്ത പദ്ധതിയ്ക്കായി തയ്യാറായിരിക്കാൻ വേണ്ടിയാണിത്. ഈ പള്ളിയുടെ പേര് ഖദീജ മസ്ജിദ് എന്നാണ്.

ലജ്ന എപ്പോഴും ഓർമ്മിക്കുക, ഈ അനുഗൃഹീതനാമം ഏറ്റവുമാദ്യം നബി(സ)യിൽ വിശ്വസിച്ച ആ പരിശുദ്ധവതിയുടെ നാമമാണ്. സകല ധനവും അവർ ത്യാഗം ചെയ്തു. സ്ത്രീകളെ ത്യാഗങ്ങളുടെ ഉന്നതനിലവാരത്തിലേക്ക് ക്ഷണിക്കുന്നതിനായി ഈ പള്ളി എന്നെന്നും നിലനില്ക്കുമാറാകട്ടെ. അതിനോടൊപ്പം, ദുൻയാവിനോടുള്ള വിമുഖത പ്രകടിപ്പിക്കാനും തഖ്വയുടെ ഉന്നതമായ നില സ്ഥാപിക്കാനും ഓരോ അഹ്മദിയേയും ഓർമ്മിപ്പിക്കുന്നതായിരിക്കുമാറാകട്ടെ; നമ്മുടെ വരുംതലമുറ ദൈവാനുഗ്രഹത്താൽ എല്ലാതരം ത്യാഗങ്ങളുടേയും ഉന്നതമായ നിലവാരം പുലർത്തുന്നവരായിത്തീരുന്നതിനു വേണ്ടി. അവർ, ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ പിൻതുടർന്നുകൊണ്ട് മുന്നോട്ടു മുന്നോട്ടു വ്യാപിക്കുന്നവരാകട്ടെ.

ഇപ്പോൾ പണിയുന്ന ഒരു പള്ളിയല്ല, പ്രത്യുത, വരും തലമുറകൾ കൂടുതൽ പള്ളികൾ പണിയുന്നവരും അതിനെ ജനവാസമുള്ളതാക്കിത്തീർക്കുന്നവരും ഏകനായ അല്ലാഹുവിന്റെ നാമത്തെ ലോകത്തിന്റെ മുക്കിലും മൂലയിലും എത്തിക്കുന്നവരും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ലക്ഷ്യം പൂർത്തീകരിക്കുന്നവരും ആ മഹാത്മാവിനെ സഹായിക്കുന്നവരുമാകട്ടെ. ലോകജനതയെ നബി(സ)യുടെ കൊടിക്കീഴിൽ അണിനിരത്തിക്കൊണ്ട് അല്ലാഹുവിന്റെ സന്നിധിയിൽ അവർ കുനിയുന്ന കാഴ്ച കാണുന്ന ആ ദിനം എത്രയും വേഗം നമുക്ക് കാണിച്ചുതരുമാറാകട്ടെ. ആമീൻ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V, Baithul Futuh, London

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala